GOVT L.P.S
THEKKEKARA NORTH

# ACADEMIC MASTER PLAN 2025 - 26

Scanned with OKEN Scanner

# ആമുഖം

വിദ്യാലയത്തിന്റെ പഠനമികവ് ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. വിദ്യാർത്ഥികൾക്ക് സൗകര്യപ്രദവും സുരക്ഷിതവും സ്വതന്ത്രവും, ശിശു-സൗഹൃദപരവുമായ അന്തരീക്ഷവും ഒരുക്കണം. വ്യത്യസ്ത പഠനതന്ത്രങ്ങളും പഠനസാമഗ്രികളും പരിചയപ്പെടുത്തുവാനും അവസരമൊരുക്കണം. ഇതിനായി സർഗാത്മകതയും പ്രതിബദ്ധതയുമുള്ള അധ്യാപക സമൂഹം കൂടുതൽ സാധ്യതകൾ കണ്ടെത്തേണ്ടതും അനിവാര്യമാണ്. ഓരോ ക്ലാസ്സിനെയും മികവിലേക്ക് ഉയർത്താനും ഈ അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ ശ്രമിച്ചിട്ടുണ്ട്. സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി എല്ലാ കുട്ടികൾക്കും തുല്യപരിഗണനയും അനുരൂപീകരണ സാധ്യതകളും ഇതിലൂടെ ഒരുക്കിയിട്ടുണ്ട്.

Scanned with OKEN Scanner

# വിദ്യാലയ ചരിത്രം

ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിൽ 14-ാം വാർഡിൽ കായംകുളം മാവേലിക്കര റോഡിൽ ഭഗവതിപ്പടി ജംഗ്ഷനിലാണ് ഗവ. എൽ. പി. എസ്. തെക്കേക്കരനോർത്ത് സ്ഥിതി ചെയ്യുന്നത്. പ്രസിദ്ധമായ ചെട്ടികുളങ്ങര ദേവീക്ഷേത്രത്തിന് 3 കി.മീ തെക്കുമാറിയാണ് ഈ വിദ്യാലയം. 150 വർഷത്തോളം പഴക്കമുള്ള ഈ സ്കൂളിൽ 4-ാം ക്ലാസ് വരെ ഉണ്ട്. 14-ാം വാർഡിലെ ഏക സർക്കാർ വിദ്യാലയമാണിത്. ഈ സരസ്വതിക്ഷേത്രത്തിൽ പഠിച്ചവർ സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിച്ചുവരുന്നു. ഏകദേശം 50 സെന്റ് സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഈ സ്കൂളിന്റെ വളർച്ചയ്ക്ക് പഞ്ചായത്ത് ഫണ്ട്, എസ്.എസ്.എ, എസ്.എം.സി എന്നിവ കാര്യമായ പങ്ക് വഹിച്ചിട്ടുണ്ട്. ഗുരുവായൂരപ്പൻ കോളേജിലെ മുൻ പ്രിൻസിപ്പാൾ ശ്രീ. എസ് കരുണാകരപ്പണിക്കർ, ബി.എസ്.എഫിന്റെ ഡയറക്ടർ ആയിരുന്ന ശ്രീ. ബി.കെ. പണിക്കർ, ഗവൺമെന്റ് സെക്രട്ടറി ആയിരുന്ന ശ്രീ. ഗോവിന്ദക്കുറുപ്പ്, അധ്യാപകരായിരുന്ന അലക്സാണ്ടർ സാർ, കെ.വി. ജോൺസൺ സാർ, കേര ഗവേഷണ

Scanned with OKEN Scanner

# ലക്ഷ്യങ്ങൾ

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അന്താരാഷ്ട്ര നിലവാരത്തിലേക്ക് നമ്മുടെ വിദ്യാലയത്തെ ഉയർത്തുക എന്നതാണ് പ്രധാന ലക്ഷ്യം. 2023 KCF അനുസരിച്ച് തയ്യാറാക്കിയ പാഠ്യപദ്ധതിയും പുസ്തകങ്ങൾക്കുമനുസരിച്ച് പഠനമികവ് ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് വിദ്യാലയ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തത്. ക്ലാസ് മുറിയിൽ പഠനം നടത്തുന്ന മുഴുവൻ കുട്ടികളുടെയും സജീവവും സർഗാത്മകവുമായ പങ്കാളിത്തം പഠനപ്രവർത്തനങ്ങളിൽ ഉറപ്പാക്കാൻ നമുക്കു കഴിയണം. ഓരോ കുട്ടിയുടേയും കഴിവ് തിരിച്ചറിയാനും, അത് ഏറ്റവും മികച്ച നിലയിലേക്ക് ഉയർത്താനും വളർത്താനും നമുക്ക് സാധിക്കണം. അതിന് അനുഗുണമായ തരത്തിൽ എല്ലാ അർത്ഥത്തിലുമുള്ള അവസരതുല്യതയും നീതിയും ഓരോ കുട്ടിക്കും ലഭിക്കുന്നു എന്നും ഉറപ്പാക്കേണ്ടതുണ്ട്. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളിലും ഊന്നിനിന്നുകൊണ്ടാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണ്ണയിച്ചിട്ടുള്ളത്.

Scanned with OKEN Scanner

- ഒന്നുമുതൽ നാലുവരെയുള്ള ഓരോ ക്ലാസിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും, ധാരണകളും, നൈപുണികളും ഓരോ കുട്ടിയുടേയും കഴിവിനനുസരിച്ച് നേടിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുക.
- ക്ലാസ്മുറിയിൽ ഒരുക്കാവുന്ന നൂതനമായ ഡിജിറ്റൽ പഠനവിഭവങ്ങൾ
- ക്ലാസ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാ, കായിക, പ്രവൃത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുക.
- വിദ്യാലയത്തിലെ പഠനപിന്തുണാസംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുക.
- സുസ്ഥിരവികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (കളിഉപകരണങ്ങൾ, ഉദ്യാനം, വൈതാനം . . . ) എന്നിവ വിദ്യാർത്ഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർത്ഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുന്നു.
- ഓരോ അധ്യാപികയും ആധുനിക സാങ്കേതിക വിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാ

ക്കുകയും ചെയ്യുന്നു.

- ഓരോ വിദ്യാർഥിയേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്നതരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.
- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.
- മാലിന്യനിർമാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കും.
- ലഹരിയുടെ ഉപയോഗം പുതുതലമുറയിൽ നിന്നും ഒഴിവാക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തും.
- കായികവിദ്യാഭ്യാസം, നല്ല ആരോഗ്യ ശീലങ്ങൾ, സുംബ ഡാൻസ് എന്നിവയ്ക്ക് പ്രാധാന്യം നൽകും.
- സ്കൂൾ തലത്തിലുള്ള വിവിധ സഹായ സംവിധാനങ്ങളെ ഫലപ്രദമായി അക്കാദമികവും ഭൗതികവും സാമൂഹികവുമായ വളർച്ചയ്ക്ക് ഉതകുന്ന വിധം പ്രയോജനപ്പെടുത്തും.

Scanned with OKEN Scanner

## വിഷയ വേദികൾ

വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പൂർണ്ണ രൂപം. നൽകേണ്ടതുണ്ട്. അതിനുവേണ്ടി സർഗാത്മകവും സമയബന്ധിതവുമായി പൂർത്തീകരിക്കുന്ന പ്രവർത്തനപദ്ധതികൾക്ക് രൂപം നൽകണം. കല, സംസ്കാരം, കായികം, പ്രവൃത്തി പരിചയം, ക്ലബ്ബ് പ്രവർത്തനം, ഭക്ഷണം, ശുചിത്വം, ആരോഗ്യം എന്നീ വേദികൾ ആണ് ഉള്ളത്.

ഭിന്നനിലവാരക്കാരായ കുട്ടികൾക്ക് പഠനപ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനും അവരുടെ മാനസികവും ശാരീരികവും സാമൂഹികവുമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നേതൃത്വം നൽകുന്നതിനും ആവശ്യമായ റിസോഴ്സ് അധ്യാപകരുടെ സേവനം ഉറപ്പാക്കണം.

## അടിസ്ഥാന ഭാഷാശേഷി വികസന പരിപാടി

കുട്ടികളുടെ പഠനനില പ്രീ-ടെസ്റ്റിലൂടെ കണ്ടെത്തി കഴിഞ്ഞാൽ

Scanned with OKEN Scanner

പിന്നീട് പഠനപ്രവർത്തനത്തിന്റെ ആഴം മനസ്സിലാക്കി പരിഹാര ബോധന പാക്കേജ് തയ്യാറാക്കണം. ഇതിൽ വായിച്ച് ആശയം ഗ്രഹിക്കാനും എഴുതി പ്രകടിപ്പിക്കാനും സഹായകമായ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നൽകണം. KCF 2023 മുന്നോട്ട് വച്ച പാഠ്യപദ്ധതി തന്നെയാണ് പ്രയോജനപ്പെടുത്തേണ്ടത്.

## ഹൈടെക് ക്ലാസ്മുറികൾ.

എല്ലാം ക്ലാസ്മുറികളിലും ഐസിടി അധിഷ്ഠിത പഠനം ഉറപ്പാക്കുന്നതിന ഒരു സോഫ്ട് വെയർ സൗകര്യം ഒരുക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി അടച്ചുറപ്പും പൊടി ഇല്ലാത്തതുമായ ക്ലാസ് മുറികളായി എല്ലാ ക്ലാസ്മുറികളും മാറണം. ഐസിടി ഉപകരണങ്ങളായ ലാപ്ടോപ്പ് എൽ. സി. ഡി. പ്രൊജക്ടർ, സൗണ്ട്സിസ്റ്റം, പഠനപ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് സഹായകമായ സോഫ്റ്റ് വെയറുകൾ എന്നിവ ഉറപ്പാക്കണം. ഇവ പഠന പ്രക്രിയയുടെ ഭാഗമാകുന്നു എന്ന് ഉറപ്പാക്കുന്ന അന്തരീക്ഷവും നടക്കണം.

# വിദ്യാലയ വികസന ലക്ഷ്യങ്ങളും മേഖലകളും

## പൊതുലക്ഷ്യങ്ങൾ

- വിദ്യാലയത്തിന്റെ പുരോഗതിയിൽ തല്പരരായ എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണ വിദ്യാലയ വികസനത്തിന് ലഭ്യമാക്കി സമഗ്രവികസനം സാധ്യമാക്കുക.
- പ്രവേശിക്കപ്പെടുന്ന കുട്ടികളുടെ എല്ലാ കഴിവുകളും വികസിപ്പിക്കാനവസരം നൽകുക.
- അവകാശാധിഷ്ഠിത വിദ്യാലയസങ്കല്പം യാഥാർഥ്യമാക്കുക.
- സമഗ്രഗുണമേന്മ പദ്ധതി പ്രകാരം വിദ്യാലയ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുക.

## വിദ്യാലയ വികസന മേഖലകൾ

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗം കൂടുതൽ ശക്തമാക്കുന്നതിനായി ഗവ. എൽ. പി. എസ്. തെക്കേക്കര നോർത്ത് ചുവടെ ചേർത്തിട്ടുള്ള വികസന മേഖലകളിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കും.

Scanned with OKEN Scanner

# വിദ്യാലയം മികവിന്റെ കേന്ദ്രം

- പ്രീപ്രൈമറി മുതൽ നാല്‌വരെ ക്ലാസ്സിലെ കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രവർത്തനങ്ങളിലേർപ്പെടാൻ കഴിയും വിധം സമൂഹത്തിലെ വിവിധ ഘടകങ്ങളെ ഏകോപിപ്പിക്കുക.
- വിദ്യാലയത്തിന്റെ പുരോഗതിയിൽ തൽപരരായ എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണ വിദ്യാലയ വികസനത്തിന് ലഭ്യമാക്കുക.
- SMC, CPTA എന്നിവ ശക്തമാക്കുക.
- സമൂഹത്തിന്റെ വൈദഗ്ധ്യം പ്രയോജനപ്പെടുത്തുക.
- വിദ്യാലയ മികവുകൾ സമൂഹവുമായി പങ്കിടുന്നതിനുള്ള വേദികളൊരുക്കുക.
- 5 വർഷം മുന്നിൽ കണ്ടുകൊണ്ട് വിദ്യാലയ വികസന സമഗ്ര പദ്ധതി തയ്യാറാക്കണം. വിവിധ മേഖലകളിൽ നിന്ന് ഗവ:, MP, MLA ത്രിതലപഞ്ചായത്ത്, വ്യവസായികൾ, എൻ. ആർ. ഐ, പൂർവ്വവിദ്യാർത്ഥികൾ ) വിഭവ സമാഹരണം നടത്തി വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരമുള്ളതാക്കുക.
- വിദ്യാലയവുമായി സഹായിക്കാൻ താൽപര്യമുള്ള പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വാദ്ധ്യാപകർ, പൊതു വിദ്യാഭ്യാസത്തിൽ താൽപര്യമുള്ളവർ എന്നിവരെ വിദ്യാലയ

Scanned with OKEN Scanner

വികസന സമിതിയിൽ അംഗങ്ങളാക്കുക.

• 1 മുതൽ 4 വരെ ക്ലാസ്സിലെ എല്ലാകുട്ടികളും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന അശയങ്ങളും ധാരണയും ശേഷിയും നൈപുണിയും മനോഭാവവും മൂല്യങ്ങളും ആർജ്ജിക്കാന വസരമൊരുക്കുക.

• വരും കാലത്തിന്റെ ആവശ്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി അധ്യയനം ഉറപ്പിക്കുക

• ആധുനിക സാങ്കേതിക വിദ്യയിൽ പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ പിന്നിലാകില്ലെന്ന് ഉറപ്പു വരുത്തുക. എൽ.പി കാലം കഴിഞ്ഞ ഒരു കുട്ടി കമ്പ്യൂട്ടർ കൈകാര്യം ചെയ്യാനും നെറ്റിൽ നിന്നും വിവരങ്ങൾ ശേഖരിക്കുവാനും സ്വന്തം ഫോൾഡറിൽ വിവരങ്ങൾ ശേഖരിച്ചു സൂക്ഷിക്കുവാനവുള്ള പ്രാപ്തി നേടിയിരിക്കണം.

• ഐ.സി.ടി. സാധ്യത ഉപയോഗിച്ചുള്ള പഠനം കൂടുതൽ കാര്യക്ഷമമാക്കുക.

• മാനസികോല്ലാസം നൽകുന്ന യോഗ, നൃത്തം, കൃഷി, സ്പോർട്സ്, പ്രവൃത്തിപരിചയം മുതലായവയ്ക്ക് പ്രാധാന്യം നൽകുക.

• കുട്ടികളെ സ്കൂളിലേക്ക് ആകർഷിക്കുന്നതരത്തിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

• വിദഗ്ധരായ അധ്യാപകരുടെ സേവനം വിദ്യാലയങ്ങളിൽ ലഭ്യമാക്കുന്നതോടൊപ്പം

Scanned with OKEN Scanner

വിദ്യാലയത്തിലെ ഓരോ അദ്ധ്യാപകന്റെയും അക്കാദമിക മികവും സാങ്കേതികമായ മികവും വികസിപ്പിക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്യുക.

- സ്മാർട്ട് ക്ലാസ്റൂമുകൾ, ഡിജിറ്റലൈസ്ഡ് ക്ലാസ്റൂമുകൾ എന്ന ലക്ഷ്യത്തിലേക്കെത്താൽ.
- പഠനവും ബോധനവും ആഹ്ലാദകരമായ അനുഭവമാക്കി മാറ്റുക.
- കുട്ടിയുടെ പഠനം ക്ലാസ്റൂമിന്റെ അകം ചുമരുകളിൽ നിന്നും പുറം ലോകത്തേക്ക് മാറ്റുക.
- കുട്ടികളുടെ സർഗ്ഗക്രിയാശേഷികളെ പരിപോഷിപ്പിക്കുന്നതിന് ഉതകുന്നതും സർഗ്ഗാത്മകവുമായ പ്രവർത്തന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുക.
- എല്ലാ കുട്ടികളിലും ഏറിയും കുറഞ്ഞുമുള്ള സർഗ്ഗക്രിയാശേഷികളെ വികസിപ്പിക്കുക.
- അസംബ്ലി, ദിനാചരണങ്ങൾ, ബാലസഭ എന്നിവയെ കലാപരമായ ശേഷിവികാസത്തിനുള്ള അവസരമായി മാറ്റുക.
- പ്രവൃത്തിപരിചയ നിർമ്മാണ ശില്പശാല സംഘടിപ്പിക്കുക.
- സ്കൂളിൽ ചിത്രപ്രദർശനം സംഘടിപ്പിക്കുക
- ഒന്നാം ക്ലാസ്മുതൽ ചിത്രപതിപ്പുകൾ നിർമ്മിക്കുക.

Scanned with OKEN Scanner

- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുകയും നിരന്തര വിലയിരുത്തലിലൂടെ പരിമിതികൾ പരിഹരിച്ച് മുന്നേറുകയും ചെയ്യുക.
- കുട്ടിയുടെ പഠനവേഗത, പഠനശൈലി, പഠനപ്രക്രിയ എന്നിവ പരിഗണിക്കുന്ന പഠനപ്രക്രിയ സാധ്യമാക്കുക.
- സ്വയം പഠനം, സംഘപഠനം എന്നിവ ഉറപ്പാക്കുന്നതിന് സഹായകമായ ഭൗതിക സൗകര്യങ്ങളും, ലൈബ്രറി, ലാബ് പോലെയുള്ള സംവിധാനങ്ങളും ക്രിയാത്മകമാക്കുക.
- സമ്പൂർണ ശുചിത്വം, പ്ലാസ്റ്റിക് മുക്ത ക്യാമ്പസ് സൃഷ്ടിക്കുക.
- പരിസ്ഥിതിദിന സന്ദേശത്തിന്റെ അടിസ്ഥാനത്തിൽ വർഷം മുഴുവൻ നടപ്പിലാക്കാവുന്ന പരിപാടികൾ ആസൂത്രണം ചെയ്യുക
- കുട്ടികളുടെ ശാരീരികവും മാനസികവുമായ പ്രയാസങ്ങൾ കണ്ടറിയും പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉറപ്പാക്കുക.
- കുട്ടികളുടെ അവകാശങ്ങളും വിദ്യാഭ്യാസ അവകാശ നിയമവും പരിപൂർണ്ണമായി നടപ്പാക്കാവുന്ന ഒരു വിദ്യാലയമായി മാറുക.
- എഴുത്തുകാരായ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള രചന ശില്പശാല, രചനകളുടെ സമാഹാരം, പ്രസിദ്ധീകരിക്കൽ ഇവ നടത്തുക.

Scanned with OKEN Scanner

## മേഖലകൾ

- സമൂഹപങ്കാളിത്തവും വിദ്യാലയാസൂത്രണവും.
- കുട്ടികളുടെ സജീവപങ്കാളിത്തവും നേതൃത്വശേഷിയും.
- നിലവാരമുള്ള ഭൗതികസൗകര്യങ്ങൾ
- കലാവിദ്യാഭ്യാസം, കായിക വിദ്യാഭ്യാസം, പ്രവൃത്തിപരിചയാനുഭവങ്ങൾ
- പോഷകാഹാരസമൃദ്ധമായ ഉച്ചഭക്ഷണ പരിപാടി, പച്ചക്കറി കൃഷി.
- ഹരിതമനോഹര ശുചിത്വ വിദ്യാലയം
- കമ്പ്യൂട്ടർ വിദ്യാഭ്യാസം.
- പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് പിന്തുണ.
- വായനാവസന്തം
- ശാസ്ത്രം / ലാബ് / പരീക്ഷണം.
- പഠനയാത്ര
- കലാ മേളകളിലേയും, ശാസ്ത്രമേളകളിലേയും പങ്കാളിത്തം.
- പരീക്ഷ / നിരന്തര വിലയിരുത്തൽ.
- പഠനോപകരണ നിർമ്മാണം.
- ആരോഗ്യശീലങ്ങൾ, യോഗ, സുംബ എന്നിവയുടെ അനുഭവങ്ങൾ നൽകുക.
- സ്കോളർഷിപ്പ്, ക്വിസ് മത്സരങ്ങൾ എന്നിവയിൽ പരിശീലനം.

Scanned with OKEN Scanner

പ്രവർത്തനങ്ങൾ:

1. എസ്. എം. സി.

ലക്ഷ്യം:

• എസ്. എം. സി. പ്രവർത്തനം കാര്യക്ഷമമാക്കി വിദ്യാലയത്തിന്റെ സമഗ്രവികാസനത്തിന് അടിത്തറയിടുക.

• എസ്.എം.സിയിൽ എല്ലാവരുടെയും ക്രിയാത്മക പങ്കാളിത്തം, സജീവമായ ചർച്ച, കൃത്യവും പ്രായോഗികവുമായ തീരുമാനങ്ങളെടുക്കൽ, ശരിയായ മിനിറ്റ്സ്, അവലോകനവും അനുധാവനവും എന്നിവ മെച്ചപ്പെട്ട രീതിയിൽ നടത്തി മാതൃകസൃഷ്ടിക്കൽ.

പ്രവർത്തനങ്ങൾ

1. എസ്. എം. സിയിലെ ഓരോ അംഗത്തിന്റേയും ചുമതലകൾ കൃത്യതപ്പെടുത്തൽ
2. എസ്. എം. സി യോഗങ്ങൾ രണ്ടുമാസത്തിലൊരിക്കൽ വീതം (ഏപ്രിൽ, ജൂൺ, ആഗസ്റ്റ്, ഒക്ടോബർ, ഡിസംബർ, ഫെബ്രുവരി)
3. എസ്. എം. സി തീരുമാനങ്ങൾ പരസ്യപ്പെടുത്തൽ.

(2) ക്ലാസ് പി. ടി. എ.

ലക്ഷ്യം

വിദ്യാഭ്യാസ അവകാശ നിയമം അനുശാസി

Scanned with OKEN Scanner

ക്കുന്ന വിധം ഓരോ കുട്ടിയുടേയും എല്ലാ വിഷയങ്ങളിലേയും നിശ്ചിത കാലയളവിലെ പഠന പുരോഗതി, പഠന പ്രശ്നങ്ങൾ, ഹാജർനില, കുട്ടികളുടെ മറ്റുകഴിവുകൾ എന്നിവ രക്ഷിതാക്കളെ ബോധ്യപ്പെടുത്തി പിന്തുണ ആർജ്ജിക്കുക.

പ്രവർത്തനങ്ങൾ

1. ക്ലാസ് പി ടി എ യുടെ ഉള്ളടക്കം, രീതി എന്നിവ സംബന്ധിച്ച് മാർഗരേഖ തയ്യാറാക്കി എസ്. എം. സി യുടെ അംഗീകാരം നേടൽ.
2. ഓരോ ക്ലാസിലേയും പ്രതിമാസ പോർട്ട് ഫോളിയോയിൽ വരേണ്ട ഉല്പന്നങ്ങളെ കുറിച്ച് SRG യിൽ കൃത്യതപ്പെടുത്തൽ.
3. ക്ലാസ് പി.ടി.എ യുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിനായി ഗൃഹസന്ദർശനം നടത്തൽ.
4. ക്ലാസ് പി.ടി.എ യ്ക്ക് ഒരു പ്രസിഡന്റിനെ തെരഞ്ഞെടുക്കൽ.
5. ക്ലാസ് പി.ടി.എ യിൽ ക്ലാസ് മികവുകളുടെ വീഡിയോ പ്രദർശിപ്പിക്കലും ചർച്ചയും
6. ക്ലാസ് പി.ടി.എ അംഗങ്ങളെ ദിനാചരണങ്ങളുമായി ബന്ധിപ്പിക്കൽ.
7. ക്ലാസ് പി. ടി. എ. അംഗങ്ങളുടെ കഴിവുകൾ വളർത്തുന്നതിനും പ്രകാശിപ്പിക്കുന്നതിനും വേദി ഒരുക്കൽ.
8. രക്ഷിതാക്കൾക്ക് ബോധവത്കരണ ക്ലാസുകൾ.

Scanned with OKEN Scanner

9. പ്രാദേശിക ലൈബ്രറി, ക്ലാസ് ലൈബ്രറി. വായനച്ചങ്ങാത്തം എന്നിവയിൽ പങ്കാളിത്തം, അഭിപ്രായക്കുറിപ്പ്, രചനാപരിചയക്കുറിപ്പ്, പുസ്തക ചർച്ച എന്നിവ സംഘടിപ്പിക്കൽ.

3, കോർണർ പി.ടി.എ.

ലക്ഷ്യം.

1. വിദ്യാലയ മികവുകൾ സമൂഹത്തെ അറിയിക്കുന്നതിന്.
2. വിദ്യാഭ്യാസ അവകാശനിയമത്തിന്റെ പ്രായോഗികതലം പ്രാദേശിക സമൂഹവുമായി പങ്കിടുന്നതിന്.
3. ഭാവിയിൽ വിദ്യാലയത്തിലെത്തേണ്ട കുട്ടികളുടെ രക്ഷിതാക്കൾക്ക് പൊതുവിദ്യാഭ്യാസത്തിന്റെ കരുത്ത് മനസിലാക്കുന്നതിന്

പ്രവർത്തനങ്ങൾ

1. വിദ്യാലയ പരിധിയിലുള്ള പ്രദേശങ്ങൾ കണക്കാക്കി കോർണർ പി.ടി.എ നടത്താനുള്ള കേന്ദ്രങ്ങൾ സംഘടിപ്പിക്കൽ
2. കോർണർ പി.ടി.എയിൽ അവതരിപ്പിക്കേണ്ട ഇനങ്ങൾ എസ്.എം.സി യോഗത്തിൽ നിശ്ചയിക്കൽ
3. പ്രാദേശിക വൈദഗ്ധ്യം പ്രയോജനപ്പെടുത്തൽ.

പ്രദേശത്ത് വിവിധമേഖലകളിൽ കഴിവുള്ളവരും വിദ്യാലയത്തിന് പ്രയോജനപ്പെടുത്താവുന്നതുമായ ആളുകളുടെ ലിസ്റ്റ് തയ്യാറാക്കൽ.

Scanned with OKEN Scanner

## ത്രിവത്സര ലക്ഷ്യങ്ങൾ

- ശിശുസൗഹൃദ പഠനാന്തരീക്ഷവും മികച്ച ഭൗതിക സൗകര്യവും ലക്ഷ്യമിടുന്നു.
- പ്രീ-പ്രൈമറി മുതൽ 4 വരെയുള്ള ക്ലാസുകളിലെ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുക.
- സമഗ്ര വികാസത്തിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കും.

## ത്രിവത്സര വികസനപദ്ധതി.

മേഖല ഒന്ന് - സമൂഹപങ്കാളിത്തവും വിദ്യാലയാഭ്യുദയവും.

ലക്ഷ്യങ്ങൾ

1. വിദ്യാലയത്തിന്റെ പുരോഗതിയിൽ തല്പരരായ എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണ വിദ്യാലയ വികസനത്തിന് ലഭ്യമാക്കുക.
2. എസ്.എം.സി ക്ലാസ്, P.T.A എന്നിവ ശക്തമാക്കുക.
3. വിദ്യാലയ മികവുകൾ സമൂഹവുമായി പങ്കിടുന്നതിനുള്ള വേദികൾ സൃഷ്ടിക്കുക.

Scanned with OKEN Scanner

എത്താ കുട്ടികൾ കാണാൻ ശേഖരിക്കൽ (അംഗനവാടി, പൊതുപ്രവർത്തകരുടെ സഹായത്തോടെ) ഭവന സന്ദർശനം.

3. വിദ്യാലയത്തിന്റെ ഗുണനിലവാരം സമൂഹത്തെ അറിയിക്കൽ

മേഖല രണ്ട് – കുട്ടികളുടെ സജീവ പങ്കാളിത്തവും നേതൃത്വശേഷിയും.

1. സ്കൂൾ അസംബ്ലി

ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികൾക്കും നേതൃത്വപരമായ കഴിവുകൾ വികസിപ്പിക്കുക.
2. കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുന്ന വേദിയായി സ്കൂൾ അസംബ്ലിയെ പുനസംഘടിപ്പിക്കുക.

പ്രവർത്തനങ്ങൾ.

1. അസംബ്ലി ഗ്രൂപ്പ് രൂപീകരണം (ഒരു ക്ലാസിലെ വിവിധ നിലവാരത്തിലുള്ള കുട്ടികളുടെ / ഒന്നു മുതൽ നാലുവരെ ക്ലാസിലെ കുട്ടികളുടെ ഗ്രൂപ്പ്)
2. അസംബ്ലിയിൽ പത്രവാർത്തകൾ, കഥകൾ, ക്വിസ് ചോദ്യങ്ങൾ, എന്നിവ അവതരിപ്പിക്കൽ.
3. കുട്ടികളെ അസംബ്ലി നടത്തുന്നതിന് തയ്യാറാക്കാൻ അധ്യാപകർക്ക് ചുമതല നൽകൽ.
4. വിശേഷ ദിവസങ്ങളിൽ പ്രാദേശിക വിദഗ്ദ്ധരുടെ പങ്കാളിത്തം അസംബ്ലി

Scanned with OKEN Scanner

## ദിനാചരണങ്ങൾ

1. പ്രവേശനോത്സവം നാടിന്റെ ഉത്സവമാക്കി മാറ്റൽ നവാഗതരെ ആനയിക്കൽ മുതിർന്ന കുട്ടികളുടേയും രക്ഷിതാക്കളുടേയും പ്രാദേശിക സമൂഹത്തിന്റെയും നേതൃത്വത്തിൽ
2. വിദ്യാലയ പുരോഗതിയിൽ താൽപര്യമുള്ളവരുടെ സാന്നിദ്ധ്യം പുസ്തകസംഭാവനയും
3. ദിനാചരണങ്ങൾ സമൂഹപങ്കാളിത്തത്തോടെ നടത്തൽ.

7. വികസനപദ്ധതി തയ്യാറാക്കൽ

1. ഓരോ വർഷവും ശില്പശാല നടത്തി വരും വർഷത്തേക്ക് വിവിധ വികസനമേഖലകളിലേക്കുള്ള പ്രവർത്തനപദ്ധതി തയ്യാറാക്കൽ.
2. പഞ്ചായത്ത് വാർഡ് ജനപ്രതിനിധികൾ എന്നിവരിൽ നിന്നും സഹായം വേണ്ട മേഖലകൾ നിശ്ചയിച്ച് നിവേദനം നൽകൽ.
3. പ്രാദേശിക സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വിദ്യാലയ വികസനത്തിനുള്ള വിഭവസമാഹരണം നടത്തുക.

8. പ്രവേശനം, ഹാജർ, സമൂഹത്തെ ആകർഷിക്കൽ.

1. സ്കൂളിന്റെ പ്രവർത്തന പരിധി നിശ്ചയിക്കലും സമൂഹത്തെ ആകർഷിക്കലും.
2. വിദ്യാലയ പരിധിയിൽ എത്ര വീടുകൾ,

Scanned with OKEN Scanner

ഷിൽ ഉറപ്പാക്കൽ.

5. ഇംഗ്ലീഷ് അസംബ്ലി.

2. ദിനാചരണങ്ങൾ

ലക്ഷ്യങ്ങൾ

1. സവിശേഷ ദിനങ്ങളുടെ പ്രത്യേകതയും പ്രാധാന്യവും ബോധ്യപ്പെടുക.
2. ദിനാചരണങ്ങളെ അക്കാദമിക പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുക.
3. കുട്ടികളുടെ സർഗാത്മക പ്രകടിപ്പിക്കുന്നതിനുള്ള അവസരമായി ദിനാചരണങ്ങൾ പ്രയോജനപ്പെടുത്തുക.

പ്രവർത്തനങ്ങൾ

1. അക്കാദമിക വർഷത്തെ വിശേഷദിനങ്ങളുടെ ചാർട്ട് തയ്യാറാക്കൽ
2. ദിനാചരണങ്ങൾ ഉൾച്ചേർത്തുകൊണ്ട് സ്കൂളിന്റെ വാർഷിക കലണ്ടർ, മാസ കലണ്ടർ എന്നിവ തയ്യാറാക്കൽ
3. അനുയോജ്യമായ പ്രാദേശിക വിദഗ്ധരെ കണ്ടെത്തി പ്രയോജനപ്പെടുത്തൽ
4. കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുന്ന തരത്തിലുള്ള ഉത്പന്നങ്ങൾ രൂപപ്പെടുത്തുന്നതിനും പ്രദർശിപ്പിക്കുന്നതിനും ആവിഷ്കാര പ്രകടനങ്ങൾക്കും വേദിയൊരുക്കൽ.
5. അക്കാദമിക മികവുണ്ടാക്കുന്നതിന് യോജിച്ച രീതിയിൽ മത്സരങ്ങൾ സംഘടിപ്പിക്കൽ.

Scanned with OKEN Scanner

മത്സരങ്ങളുമായി ബന്ധിക്കൽ.

മേഖല മൂന്ന്

നിലവാരമുള്ള ഭൗതികസൗകര്യങ്ങൾ

1. കൃഷി, പൂന്തോട്ടം, കളിസ്ഥലം, ഔഷധ-ത്തോട്ടം, ശലഭപാർക്ക്, മാലിന്യസംസ്കരണ പ്ലാന്റ് എന്നിവയ്ക്ക് സ്ഥാനം നിശ്ചയിച്ച് സ്കൂൾ പരിസരം പ്രയോജനപ്പെടുത്താം.
2. ക്ലാസന്തരീക്ഷം - പഠനോപകരണങ്ങൾ ആകർഷകമായി ക്രമീകരിക്കണം
3. ഉച്ചഭാഷിണി സംവിധാനം.
4. എൽ.സി.ഡി. പ്രോജക്ടുകൾ, ക്യാമറ, ഫോട്ടോകോപ്പി മെഷീൻ കം പ്രിന്റർ എന്നിവ വേണം.
5. പത്തുകുട്ടികൾക്ക് ഒന്നെന്ന തോതിൽ ലാപ്ടോപ്പ് വേണം.
6. എല്ലാ ക്ലാസുകളിലും എൽ.സി.ഡി പ്രോജക്ടർ പ്രവർത്തിപ്പിക്കാനുള്ള സൗകര്യം ഉണ്ടാക്കണം.
7. ഇന്റർനെറ്റ് സൗകര്യം, വേണം.

മേഖല നാല് - കലാവിദ്യാഭ്യാസം, കായിക വിദ്യാഭ്യാസം, പ്രവൃത്തി പരിചയ അനുഭവങ്ങൾ

ലക്ഷ്യം - കലാകായിക പ്രവൃത്തിപരിചയ മേളകളിലെ ഉന്നതി

## ക്ലബ്ബ് പ്രവർത്തനങ്ങൾ

### ലക്ഷ്യം

1. വിവിധ ക്ലബ്ബ് പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് സമൂഹത്തിൽ സ്കൂളിന്റെ സ്വീകാര്യത ഉയർത്തുക.
2. ക്ലബ്ബ് പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുക.
3. വൈവിധ്യവും സർഗാത്മകവും ശാസ്ത്രീയവുമായ പ്രവർത്തനങ്ങളിലേർപ്പെടൽ
4. കുട്ടികളിൽ നേതൃത്വ പാടവം, ആശയ വിനിമയ ശേഷി, ശാസ്ത്രാവബോധം, ജനാധിപത്യബോധം എന്നിവ വളർത്തുന്നതിന്.

### പ്രവർത്തനങ്ങൾ

1. വിവിധ ക്ലബ്ബുകൾ രൂപീകരിക്കൽ. എല്ലാ കുട്ടികളും ഏതെങ്കിലും ക്ലബിൽ അംഗമാണെന്ന് ഉറപ്പാക്കും വിധം.
2. വിവിധ ക്ലബ്ബുകളുടെ പ്രവർത്തനോദ്ഘാടനം
3. ക്ലബ്ബുകളുടെ നേതൃത്വത്തിൽ പരീക്ഷണോത്സവം, പ്രദർശനങ്ങൾ, സെമിനാർ, സംവാദം, ചർച്ച, ബോധവത്കരണ ക്ലാസുകൾ എന്നിവ ആസൂത്രണം ചെയ്ത് നടപ്പാക്കൽ.
4. ക്ലബ്ബ് പ്രവർത്തനങ്ങളെ മേളകൾ, കലോത്സവങ്ങൾ, ഉപജില്ലാ-ജില്ലാതല

Scanned with OKEN Scanner

എല്ലാം എല്ലാ കുട്ടികൾക്കും പ്രാഥമിക പരിശീലനാനുഭവം ഒരുക്കുക, പങ്കാളിത്തം ഉറപ്പാക്കുക.

പ്രവർത്തനങ്ങൾ

1. ആവശ്യമായ ഉപകരണങ്ങൾ ലിസ്റ്റ് ചെയ്യൽ.
2. വിവിധ ഇനങ്ങൾ പരിശീലിപ്പിക്കുന്നതിന് കഴിവുള്ള പ്രാദേശിക വിദഗ്ധരുടെ ലിസ്റ്റ് തയ്യാറാക്കി സേവനം അഭ്യർത്ഥിക്കൽ.
3. എല്ലാ കുട്ടികൾക്കും അവസരം ലഭിക്കത്തക്ക വിധം പ്രവർത്തനപദ്ധതി തയ്യാറാക്കൽ
4. സ്കൂൾ തലത്തിൽ പ്രവൃത്തി പരിചയമേള
5. അസംബ്ലി, ദിനാചരണങ്ങൾ, ബാലസഭ എന്നിവയെ കലാപരമായ ശേഷി വികാസത്തിനുള്ള അവസരമാക്കി മാറ്റൽ.

മേഖല അഞ്ച് - പോഷകാഹാര സമൃദ്ധമായ ഉച്ചഭക്ഷണ പരിപാടി, പച്ചക്കറികൃഷി.

1. ഉച്ചഭക്ഷണകമ്മിറ്റി രൂപീകരണം, യോഗം ചേരൽ.
2. നാടൻ വിഭവങ്ങളുടേയും നാട്ടുരുചികളുടേയും വൈവിധ്യം ബോധ്യപ്പെടത്തക്ക വിധം ഭക്ഷണമെനു തയ്യാറാക്കൽ
3. കുട്ടികൾക്കു വേണ്ട പച്ചക്കറികൾ അധ്യാപകരുടേയും, PTA യുടേയും നേതൃത്വത്തിൽ ഉല്പാദിപ്പിക്കൽ.
4. കുട്ടികൾക്കും അമ്മമാർക്കും ആരോഗ്യ

Scanned with OKEN Scanner

ശുചിത്വബോധവത്കരണം.

5. ആരോഗ്യശീലങ്ങൾ, ഭക്ഷണശീലങ്ങൾ എന്നിവ ക്ലാസ് PTA യിൽ ചർച്ച ചെയ്യൽ.
6. ഉച്ചഭക്ഷണ പരിപാടിയുടെ മോണിറ്ററിംഗ് എല്ലാ മാസവും നടത്തൽ.
7. എല്ലാ കുട്ടികൾക്കും ചൂടുവെള്ളം ലഭിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തൽ.
8. വെള്ളം കുടിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തൽ.
9. കൃഷിഭവനിൽ നിന്നും വിത്തുകൾ സംഘടിപ്പിക്കൽ.
10. വീട്ടിൽ കൃഷി പ്രോത്സാഹിപ്പിക്കൽ

## മേഖല ആറ് – ഹരിതമനോഹര ശുചിത്വ വിദ്യാലയം.

1. കിണറിന്റെ സമീപം, പ്രധാനകെട്ടിടങ്ങളുടെ മുൻഭാഗം, മതിലിനോട് ചേർന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ജൈവവൈവിധ്യം പരിഗണിച്ച് ചെടികൾ നട്ടുപിടിപ്പിക്കണം.
2. പഴച്ചെടികളും നട്ടുവളർത്തണം.
3. ഓരോ കുട്ടിക്കും ഓരോ ചെടി എന്നത് നടപ്പിലാക്കണം.
4. പൂന്തോട്ടനിർമ്മാണം, പരിപാലനം എന്നിവയ്ക്ക് ഓരോ ക്ലാസിനും ചുമതല
5. പരിസരം വൃത്തിയാക്കണം.

Scanned with OKEN Scanner

6. ഓരോ ക്ലാസിലും വേസ്റ്റ്ബക്കറ്റ് വേണം.

വേല ഏഴ് - കമ്പ്യൂട്ടർ വിദ്യാഭ്യാസം

ലക്ഷ്യങ്ങൾ

1. വിഷയാധ്യാപനത്തിൽ കമ്പ്യൂട്ടർ പ്രയോജനപ്പെടുത്തുക.

പ്രവർത്തനങ്ങൾ

1. എല്ലാ അധ്യാപകരും കമ്പ്യൂട്ടർ ഉപയോഗിക്കാൻ കഴിവുള്ളവരാവുക.
2. പഠനവിഷയവുമായി ബന്ധപ്പെട്ട കമ്പ്യൂട്ടർ സാധ്യതകൾ ഓരോ ക്ലാസിലും ലിസ്റ്റ് ചെയ്യുക.

വേല എട്ട് :- പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് പിന്തുണ.

പ്രവർത്തനങ്ങൾ

1. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ കേസ് - ഹിസ്റ്ററി ഓരോ ക്ലാസ് ടീച്ചറും തയ്യാറാക്കണം.
2. അവരുടെ ചെറിയ പുരോഗതി പോലും രക്ഷിതാക്കളുമായി പങ്കിടണം.
3. റിസോഴ്സ് അധ്യാപകരുടെ സേവനം ലഭ്യമാക്കാൻ ശ്രമിക്കണം.
4. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ കഴിവുകൾക്ക് പൊതുഅംഗീകാരം

Scanned with OKEN Scanner

5. ക്ലാസ് റൂം പ്രവർത്തനത്തിൽ ഇവരുടെ പങ്കാളിത്തം ഉറപ്പാക്കണം. അനുരൂപീകരണ പ്രവർത്തനം TM ൽ ഉൾപ്പെടുത്തണം.

## മേഖല ഒമ്പത് - വായന

### ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളേയും നല്ല വായനക്കാരാക്കുക.
2. സമൂഹപങ്കാളിത്തത്തോടെ സ്കൂൾ ലൈബ്രറി വികസിപ്പിക്കുക.

### പ്രവർത്തനങ്ങൾ

1. നിലവിൽ സ്കൂളിൽ ലഭ്യമായ പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുക.
2. ഒന്ന്, രണ്ട് ക്ലാസുകൾക്കാവശ്യമായ പുസ്തകങ്ങൾ ഉറപ്പാക്കൽ.
3. ഇംഗ്ലീഷ് ചിത്രകഥാ പുസ്തകങ്ങളും, വായനാസാമഗ്രികളും സംഘടിപ്പിക്കൽ
4. ഓരോ ക്ലാസിനും അനുയോജ്യമായ ബാല പ്രസിദ്ധീകരണങ്ങളുടെ ആനുകാലികങ്ങൾ എന്നിവ ലഭ്യമാക്കാനുള്ള സാധ്യത രക്ഷിതാക്കളോട് ആരായണം. സ്പോൺസർമാരെ കണ്ടെത്തണം.
5. ഓരോക്ലാസിലും ദിനപ്പത്രം ലഭിക്കുന്നതിന് സ്പോൺസർമാരെ കണ്ടെത്തണം.
6. ക്ലാസ് ലൈബ്രറി സജ്ജമാക്കൽ

Scanned with OKEN Scanner

ഫലപ്രദമായി വിനിയോഗിക്കൽ.

7. അമ്മ വായന പ്രോത്സാഹിപ്പിക്കണം. അവർ വായിച്ച പുസ്തകത്തെക്കുറിച്ച് ക്ലാസ് പി.ടി.എയിൽ അവതരണം.

8. വായനയിൽ പിന്നോക്കം നിൽക്കുന്നവരെ മെച്ചപ്പെടുത്തുന്ന കാർഡ്‌വായന.

9. വായനക്കുറിപ്പ് തയ്യാറാക്കൽ.

10. രചനാപരിചയക്കുറിപ്പ് തയ്യാറാക്കൽ.

11. ഞാൻ വായിച്ച പുസ്തകം - അസംബ്ലിയിൽ അവതരണം.

12. പിറന്നാൾ പുസ്തകം കൈമാറൽ.

## മേഖല പത്ത് - ശാസ്ത്രം / ലാബ് / പരീക്ഷണം.

ലക്ഷ്യങ്ങൾ

1. കുട്ടികളിൽ പ്രക്രിയശേഷികൾ വികസിപ്പിച്ചു കൊണ്ട് ശാസ്ത്രപഠനം ശക്തിപ്പെടുത്തുക.
2. ലോ കോസ്റ്റ് / നോ കോസ്റ്റ് സാമഗ്രികൾ ഉപയോഗിച്ച് ശാസ്ത്രപാഠ്യപദ്ധതി വിനിമയം ചെയ്യുന്നതിനുള്ള ധാരണ മെച്ചപ്പെടുത്തുക.
3. കുട്ടി ശാസ്ത്രജ്ഞരെ വളർത്തിയെടുക്കുക.

പ്രവർത്തനങ്ങൾ

1. നിലവിൽ സ്കൂളിൽ ശാസ്ത്രപരീക്ഷണങ്ങൾ നടത്തുന്നതിന് ലഭ്യമായ സാമഗ്രികളുടെ ലിസ്റ്റ് തയ്യാറാക്കണം.

Scanned with OKEN Scanner

ഇപ്പോൾ സ്കൂളിൽ ഉള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി അവ തരംതിരിച്ച് ക്രോഡീകരിക്കണം.

2. ക്ലാസ് റൂം പ്രവർത്തനത്തിന്റെ ഭാഗമായി പരീക്ഷണപ്രവർത്തനങ്ങൾ ഉറപ്പാക്കണം.

3. ബഹുജന പങ്കാളിത്തത്തോടെ ക്ലാസ്തല, സ്ക്കൂൾ തല പരീക്ഷണോത്സവം സംഘടിപ്പിക്കൽ.

മേഖല - പതിനൊന്ന് - പഠനയാത്ര

ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികൾക്കും പങ്കാളിത്തം ഉറപ്പാക്കി അക്കാദമിക മികവിനായി പഠനയാത്രകൾ ക്രോഡീകരിക്കുന്നതിന്

2. പ്രാദേശിക പഠനയാത്രകൾ / ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുകയും തുടർ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും

പ്രവർത്തനങ്ങൾ

1. ഫീൽഡ് ട്രിപ്പ്, പഠനയാത്ര എന്നിവക്കുള്ള പാഠ്യപദ്ധതിയിലെ സാധ്യതകൾ ലിസ്റ്റ് ചെയ്യണം. ഇതിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക സാധ്യതകൾ അന്വേഷിക്കണം.

2. വിവിധ വിഷയ പഠനവുമായി പഠനയാത്രയെ ബന്ധിപ്പിക്കണം. തുടർ പ്രവർത്തനം നടത്തണം.

Scanned with OKEN Scanner

# മേള - പഠനോട്ട് - പരീക്ഷ - നിരന്തര വിലയിരുത്തൽ

ലക്ഷ്യങ്ങൾ

1. കുട്ടിയുടെ പഠനനേട്ടം കൃത്യമായി നിർണ്ണയിക്കുകയും രക്ഷിതാക്കളെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നതിന്.
2. പരിഹാരപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് പഠനപിന്നോക്കാവസ്ഥ പരിഹരിക്കുക.

പ്രവർത്തനങ്ങൾ

1. ഓരോ ക്ലാസിലും ഓരോ യൂണിറ്റിലും കുട്ടി നേടേണ്ട ആശയങ്ങൾ, ശേഷികൾ എന്നിവ മുൻകൂട്ടി അധ്യാപിക തയ്യാറാക്കി രക്ഷിതാക്കളെ അറിയിക്കണം. അത് നേടാനുള്ള ക്ലാസ്റൂം പ്രവർത്തനങ്ങൾ, രക്ഷിതാവ് എങ്ങനെ കുട്ടിയെ സഹായിക്കണം എന്നും പറയണം. ടീച്ചിംഗ് മാനുവലിൽ നിരന്തര വിലയിരുത്തൽ രേഖപ്പെടുത്തണം.
2. ഓരോ യൂണിറ്റ് പൂർത്തിയാകുമ്പോഴും യൂണിറ്റ് ടെസ്റ്റ് നടത്തി ക്ലാസ് പി.ടി.എയിൽ പഠനനില, പഠനപുരോഗതി എന്നിവ രക്ഷിതാവിനെ അറിയിക്കണം.
3. നിരന്തര വിലയിരുത്തൽ ഫലങ്ങൾ SRG യിൽ ചർച്ച ചെയ്യണം.
4. നോട്ട്ബുക്ക് സമഗ്രമാകണം. മികച്ചവക്ക് അംഗീകാരം നൽകണം.

Scanned with OKEN Scanner